**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം, 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 31.01.2026

# "കേസിലുൾപ്പെട്ട ഇരുചക്ര വാഹനം വിട്ടു നൽകുന്നതിന് കൈക്കൂലി വാങ്ങിയ റിട്ടയേർഡ് അഡീഷണൽ സബ് ഇൻസ്പെക്ടറെ വിജിലൻസ് കോടതി 7 വർഷം കഠിന തടവിന് ശിക്ഷിച്ചു."

2015 കാലയളവിൽ കൊല്ലം ജില്ലയിലെ ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ആക്സിഡന്റ് കേസിന്റെ FIR ന്റെ പകർപ്പും കേസ്സിലുൾപ്പെട്ട ഇരുചക്ര വാഹനവും വിട്ടു നൽകുന്നതിന് 2000/- രൂപ കൈക്കൂലി വാങ്ങിയ ചാത്തന്നൂർ പോലീസ് സ്റ്റേഷനിലെ മുൻ അഡീഷണൽ സബ് ഇൻസ്പെക്ടറും കൊല്ലം മീനാട് സ്വദേശിയുമായ ആർ.മോഹനനെ കൊല്ലം വിജിലൻസ് കോടതി വിവിധ വകുപ്പുകളിലായി ആകെ 7 വർഷം കഠിന തടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (31.01.2026) ശിക്ഷിച്ചു.

2015-ൽ പരാതിക്കാരന്റെ വാഹനം പരാതിക്കാരന്റെ ബന്ധു ഓടിച്ച് പോകവെ അപകടം സംഭവിച്ച് ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു ആക്സിഡന്റ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ചാത്തന്നൂർ പോലീസ് സ്റ്റേഷൻ മുൻ അഡീഷണൽ സബ് ഇൻസ്പെക്ടർ ആർ.മോഹനൻ ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്നു. പരാതിക്കാരൻ ആക്സിഡന്റ് കേസിലെ FIR ന്റെ പകർപ്പ് ലഭിക്കുന്നതിനും കേസിൽ ഉൾപ്പെട്ട ഇരുചക്ര വാഹനം വിട്ടു കിട്ടുന്നതിലേക്കുമായി പ്രതി മോഹനനെ സമീപിച്ചപ്പോൾ 2000/- രൂപ കൈക്കൂലിയായി നൽകണമെന്ന് ആവശ്യപ്പെടുകയും, തുടർന്ന് പരാതിക്കാരനിൽ നിന്നും 2,000/- രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് മുൻ അഡീഷണൽ സബ് ഇൻസ്പെക്ടർ മോഹനനെ കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച ഈ കേസിലാണ് ചാത്തന്നൂർ പോലീസ് സ്റ്റേഷനിലെ മുൻ അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടറായ ആർ.മോഹനൻ കുറ്റക്കാരനാണെന്ന് കൊല്ലം വിജിലൻസ് കോടതി കണ്ടെത്തി ശിക്ഷ വിധിച്ചത്. വിവിധ വകുപ്പുകളിലായി ആകെ 7 വർഷം കഠിന തടവിനും 20,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് ശിക്ഷിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. കൊല്ലം വിജിലൻസ് കോടതി ജഡ്ജ് ശ്രീ. Dr. മോഹിത് C.S ആണ് വിധി പുറപ്പെടുവിച്ചത്.

വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. സിജു രാജൻ ഹാജരായി. വിജിലൻസ് കൊല്ലം യൂണിറ്റ് മുൻ ഡി.വൈ.എസ്.പിമാരായ ശ്രീ.രാധാകൃഷ്ണപിള്ള, ശ്രീ.അജി.വി.എസ്സ്, ശ്രീ.ജീജി.എൻ, ശ്രീ.അശോക് കുമാർ എന്നിവരാണ് ഈ കേസിന്റെ അന്വേഷണം നടത്തിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.